ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ

1791 [2713] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ എത്ര അംഗീകൃത പട്ടികജാതി—പട്ടികവർഗ്ഗ കോളനികൾ ഉണ്ട്;

(ബി) അവ ഏതെല്ലാം;

(സി) ഇവയിൽ ഏതെല്ലാം കോളനികളിൽ വൈദ്യുതീകരണം നടത്തിയിട്ടുണ്ട്;

(ഡി) ഇവയിൽ ഏതെല്ലാം കോളനികളിൽ കുഴൽക്കിണറുകൾ കുഴിച്ചിട്ടുണ്ട്;

(ഇ) കുടിവെള്ളം ലഭിക്കാൻ പ്രയാസമുള്ള കോളനികൾ ഏതെല്ലാമാണ്;

(എഫ്) ഇവയിൽ ഏതെങ്കിലും കോളനികളിൽ റി. വി. സെറ്റ് നൽകാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ജി) ഗവൺമെന്റിന്റെ പ്രഖ്യാപിത നയമനുസരിച്ച് ഈ കോളനികളിൽ വൈദ്യുതിയും കുടിവെള്ളവും എന്നത്തേക്ക് എത്തിക്കാൻ കഴിയും?

ഉത്തരം

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിനേയോ പട്ടികവർഗ്ഗ വികസന വകുപ്പിനേയോ അംഗീകൃത കോളനികൾ ഒന്നുമില്ല.

(ബി, സി, ഡി, ഇ, എഫ്, ജി) ചോദ്യം ഉദിക്കുന്നില്ല.

പേരാമ്പ്ര നിയോജക മണ്ഡലത്തിലെ ഹരിജൻ കോളനി

1792 [2714] ശ്രീ. എ. കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജക മണ്ഡലത്തിൽ എത്ര ഹരിജൻ കോളനികളാണുള്ളത്;

(ബി) എത്ര ഹരിജൻ സെറ്റിൽമെന്റുകളുണ്ട്;

(സി) എത്ര കോളനികൾ/സെറ്റിൽമെന്റുകൾ വൈദ്യുതീകരിച്ചു;

(ഡി) എത്രയെല്ലാം കോളനികളിൽ പി. ഡബ്ലിയു. ഡി. റോഡുകൾ നിർമ്മിച്ചു;

(ഇ) ഏതെല്ലാം കോളനികൾ വൈദ്യുതീകരിക്കുവാൻ ഉദ്ദേശിക്കുന്നു;

(എഫ്) ഏതെല്ലാം കോളനികളിൽ പി. ഡബ്ലിയു. ഡി റോഡുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു?

ഉത്തരം

(എ) രണ്ട്.

(ബി) അമ്പത്തിമൂന്ന്

LIBRARY ARCHIVES Kerala Legislative Assembly

(സി) രണ്ട് കോളനികൾ വൈദ്യുതീകരിച്ചു.

(ഡി) പന്നിക്കോട്ടൂർ കോളനിയിൽ പൊതുമരാമത്തു വകുപ്പ് റോഡ് നിർമ്മിച്ചിട്ടുണ്ട്.

(ഇ) 9 ഹരിജൻ സങ്കേതങ്ങൾ വൈദ്യുതീകരിക്കാൻ ഉദ്ദേശിക്കുന്നു. അവ (1) കാട്ടുമല (2) കൈപ്രം (3) ഇരിഞ്ഞത്തുവയൽ (4) പാറപ്പുറം (5) വേങ്ങപ്പാറ (6) നെല്ലിയുള്ളതിൽകുന്ന് (7) താവളക്കുട്ടേത്ത് (8) പാലക്കുന്ന് (9) നെടുവാവിൽ എന്നിവയാണ്.

(എഫ്) കൈപ്പുറം ഹരിജൻകോളനി റോഡ് പാറപ്പുറം ഹരിജൻ കോളനി റോഡ് എന്നിവ പൊതുമരാമത്തു വകുപ്പ് മുഖേന നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.

ഹരിജൻ/ ഗിരിജൻ കോളനികളുടെ വൈദ്യുതീകരണം.

1793 [2715] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ 1984-85, 1985-86 വർഷങ്ങളിൽ ഏതെല്ലാം ഹരിജൻ/ഗിരിജൻ കോളനികൾ വൈദ്യുതീകരിക്കാനാണ് ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് ശുപാർശ ചെയ്തിട്ടുള്ളത്;

(ബി) ഇതിൽ ഏതെല്ലാം കോളനികൾ വൈദ്യുതീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ബാക്കി കോളനികൾ എന്നത്തേക്ക് വൈദ്യുതീകരിക്കാൻ കഴിയും?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ 1984-85, 1985-86 വർഷങ്ങളിൽ ജില്ലാതല വർക്കിംഗ് ഗ്രൂപ്പ്, വൈദ്യുതീകരണത്തിനായി ശുപാർശ ചെയ്തിട്ടുള്ള ഹരിജൻ/ഗിരിജൻ സെറ്റിൽമെന്റ്/കോളനികളുടെ ലിസ്റ്റ്, അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം A) ‡

(ബി) വൈദ്യുതീകരിക്കപ്പെട്ട കോളനി/സങ്കേതങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം ബി) ‡

(സി) വൈദ്യുതി സാമഗ്രികളുടെ ലഭ്യതയും വൈദ്യുതീകരണം പൂർത്തിയാക്കേണ്ടതിന്റെ മുൻഗണനാക്രമവും അനുസരിച്ച് ബാക്കി കോളനികൾകൂടി വൈദ്യുതീകരിക്കുന്നതാണ്.

‡ അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly